# നീര ഉത്പാദനത്തിന് 50 ലക്ഷം തെങ്ങിൻ തൈ വച്ചുപിടിപ്പിക്കും

Asianet News 15 hours ago Business kerala



COMMENTS

09 Aug

കോഴിക്കോട്: സംസ്ഥാനത്ത് നീര ഉത്പാദനത്തിനായി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 50 ലക്ഷം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കോഴിക്കോട് കുറ്റ്യാടിയിലെ നീര ഉൽപ്പാദന കേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കർഷകരുടെ കൂട്ടായ്മയിലാണു കുറ്റ്യാടിയിലെ നീര പ്ലാന്റ് ആരംഭിച്ചത്. പ്രതിദനം 8000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയാണു പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കർഷകക്കൂട്ടായ്മ രണ്ടരക്കോടിയാണു പ്ലാന്റിനായി ശേഖരിച്ചു നൽകിയത്.

കോയമ്പത്തൂരിൽനിന്നാണു സംസ്കരണ യന്ത്രങ്ങൾ എത്തിച്ചിരിക്കുന്നത്. പ്ലാന്റ് പൂർണതോതിൽ പ്രവർത്തനമാരംഭിക്കുന്നതോടെ മലബാറിൽ 20 നീര പാർലറുകൾ തുറക്കും.

കുറ്റ്യാടി നാളികേര കമ്പനി എന്നപേരിലായിരിക്കും കർഷകരിൽ നിന്നും നാളികേരം സ്വീകരിക്കുക. 35000 ത്തോളം കർഷകർ ഇതിനോടകം കമ്പനിയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 400 ലധികം നീര ടെക്നീഷ്യന്മാരെ ഇതുവരെ പരിശീലിപ്പിച്ചുകഴിഞ്ഞു. തെങ്ങിൽനിന്നു നീര ചെത്തുന്നതടക്കമുള്ള ജോലികൾ ചെയ്യുന്നത് ഇവരായിരിക്കും.

പ്ലാന്റ് പ്രവർത്തനസജ്ജമാകുന്നതോടെ മലബാർ മേഖലയിൽ മികച്ച വിപണിയാണു നീര ലക്ഷ്യമിടുന്നത്.